(3) ഹോസ്ദുർഗ്ഗ് താലൂക്കിലെ റവന്യൂ ടവറിന്റെ നിർമ്മാണം

ശ്രീ. എം. കുമാരൻ : കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ റവന്യൂ ടവറിന്റെ ശിലാസ്ഥാപനം നടത്തിയത് 1995-ലാണ്. ആ മിനി സിവിൽ സ്റ്റേഷന്റെ തുടർന്നുള്ള ഒരു നടപടിക്രമവും ഇതുവരെ ആരംഭിച്ചിട്ടില്ല. അന്ന് ശിലാസ്ഥാപനം നടത്തിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്നെയാണ് ഇന്ന് റവന്യൂ വകുപ്പിന്റെ ചുമതല വഹിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയ്ക്കകത്തും പുറത്തും അനുവദിക്കപ്പെട്ട റവന്യൂ ടവറിന്റെ പ്രവൃത്തി ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയും ഹോസ്ദുർഗ്ഗ് താലൂക്കിന്റെ പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ട് ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുവദിക്കപ്പെട്ട റവന്യൂ ടവറിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത് 1995-ൽ പഴയ യു.ഡി.എഫ്. ഗവണ്മെന്റാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-4-1997-ലെ ഉത്തരവുപ്രകാരം പണി തുടങ്ങിയിട്ടില്ലാത്ത റവന്യൂ ടവർ പദ്ധതികൾ തുടരേണ്ടതില്ല എന്ന് അവർ തീരുമാനിക്കുകയും നിർത്തി വയ്ക്കുകയും ചെയ്തതാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കുറ്റം കൊണ്ടല്ല. എൽ.ഡി.എഫ്. ഗവണ്മെന്റാണ് നിർത്തിവച്ചത്. ഏതായാലും ഈ ഗവണ്മെന്റ് വന്നതിനുശേഷം പുതിയ നയമെടുത്തിട്ടുണ്ട്. 6-2-2004-ലെ ഉത്തരവുപ്രകാരം റവന്യൂ ടവറിന്റെ പണി ആരംഭിക്കുന്നതിനുള്ള അനുവാദം വീണ്ടും മവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ സാമ്പത്തിക അഭികാമ്യതകൂടി കണക്കിലെടുത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ എടുക്കുന്നതാണ്.

(4) റീ-സർവ്വേമൂലം കുഞ്ഞിത്തണ്ണി വില്ലേജുകളിൽ ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ : മേവിക്കുളം താലൂക്കിൽ റീ-സർവ്വേ നടന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പട്ടയം വ്യാപകമായി നഷ്ടപ്പെട്ടിരിക്കുന്ന ഒരു സ്ഥിതി പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും ഗൗരവമായി ചൂണ്ടിക്കാണിക്കുന്നത് കുഞ്ഞിത്തണ്ണി വില്ലേജിൽ 7,000 പട്ടയമാണ് ഉണ്ടായിരുന്നത്. റീ-സർവ്വേയെല്ലാം കഴിഞ്ഞപ്പോൾ അത് 2,000 ആയി കുറഞ്ഞിരിക്കുകയാണ്. ഞാൻ താമസിക്കുന്ന ഭൂമിക്ക് എനിക്കിപ്പോൾ പട്ടയമില്ല. അതുകൊണ്ട് ഇതിന്റെ ഫലമായി 5,000 പട്ടയമാണ് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത്. ഈ ഭൂമിയുണ്ടായിരുന്ന ആളുകൾ ദേശസാൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്തിട്ടുള്ളതാണ്. അത് വലിയൊരു സാമൂഹ്യ പ്രശ്നമായിത്തന്നെ വളർന്നുവന്നിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാന കാരണം 2 ഏക്കർ ഭൂമിയുള്ള ആളുകൾക്ക് ഭൂമി ഇല്ലാതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly